# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3483      20.06.2018 ൽ മറുപടിക്ക്

## <u>വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 498/2018 -ലെ പ്രതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ഡോ.എം. കെ. മുനീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിഴിഞ്ഞം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 0498/2018 Dtd 25/3/2018 പ്രകാരം ഉള്ള പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 498/2018-ാം നമ്പർ കേസ്സിലെ 4 പ്രതികളെ (A5,A6,A7,A11) അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (ബി) പ്രസ്തുത കേസ്സിലേക്ക് കൃത്യസ്ഥല മഹസ്സർ തയ്യാറാക്കിയിട്ടുള്ളതും അഞ്ചാം പ്രതിയുടെയും ഏഴാം പ്രതിയുടെയും കുറ്റസമ്മത മൊഴിയുടെ അടിസ്ഥാനത്തിൽ<br>കൃത്യത്തിനുപയോഗിച്ചതും ഒളിപ്പിച്ചതുമായ ആയുധങ്ങൾ റിക്കവറി ചെയ്ത് മഹസ്സറിൽ വിവരിച്ച് ലക്ഷ്യത്തിനായി ബന്തവസ്സിലെടുത്ത് ബഹു.കോടതി മുമ്പാകെ KPF-ൽ ചേർത്ത് ഹാജരാക്കിയിട്ടുള്ളതാകുന്നു. പ്രസ്തുത കേസ്സ് സെക്ഷൻ 143,147,149, 294(b),323,324,506(ii),308 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണത്തിൽ സെക്ഷൻ 452,326,427 IPC & Sec 27 of Arms Act കൂട്ടതലായി ചേർത്ത് അന്വേഷണം നടത്തിവരുന്നതും തുടർന്നുള്ള അന്വേഷണത്തിൽ 308 IPC കുറവ് ചെയ്ത് 307 IPC കൂട്ടതലായി ചേർത്ത് സെക്ഷൻ 143,147,149,294(b), 323,324,506(ii),326,452,427 & 307 IPC & Sec 27 of Arms Act പ്രകാരം അന്വേഷണം നടത്തിവരുന്നതുമാകുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസിലെ പ്രതികൾ 23/5/2018 ൽ സ്റ്റേഷൻ പരിധിയിൽ ഉണ്ടെന്ന വിവരം ബന്ധപ്പെട്ട സി.ഐ.യെ വാദികൾ അറിയിച്ചിട്ടും പ്രതികളെ പിടികൂടുന്നതിനും നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവർ തയ്യാറായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. ഈ കേസ്സിന്റെ വാദിഭാഗത്തുനിന്നും 23/05/2018 നും, ടി തീയതിയ്ക്ക് മുമ്പും, ശേഷവും പലപ്രാവശ്യം വിവരം ലഭിക്കുകയും എന്നാൽ ടി സ്ഥലങ്ങളിൽപ്പോയി അന്വേഷണം നടത്തിയതിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതും കൂടാതെ പോലീസ് വാഹനങ്ങളിലും പ്രൈവറ്റ് വാഹനങ്ങളിലും പലപ്രാവശ്യം പോയി അന്വേഷണങ്ങൾ നടത്തിയിട്ടും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും തമിഴ് നാട്ടിലെ കരിങ്കൽ, തിരുക്കുറിച്ചി, മാർത്താണ്ഡം എന്നീ ഭാഗങ്ങളിലും അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. കൂടാതെ പ്രതികൾ തിരുവല്ലം ഭാഗത്തേക്ക് സഞ്ചരിക്കുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഭാഗങ്ങളിൽ മണിക്കൂറുകളോളം വാഹന പരിശോധന നടത്തിയിട്ടുള്ളതും പ്രസ്തുത കേസ്സിലെ പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ലാത്തതുമാകുന്നു. ടി കേസ്സിലെ രണ്ടാം പ്രതി BA2-2812/2018 പ്രകാരവും 1,3,4 പ്രതികൾ BA1-2803/2018 പ്രകാരവും ബഹു.കേരളാ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കോടതിയുടെ പരിഗണന യിലിരിക്കുന്നതുമാകുന്നു. |
| (ഡി) | ഈ കേസിന്മേൽ സത്വര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | (ഡി) | പ്രസ്തുത കേസ്സിലെ പ്രതികൾക്കെതിരെ നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ